പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1512 — 06.03.2018-ലെ മറുപടിക്ക്

## എം.എ.സി.ടി കേസ്സുകളിൽ നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിലെ കാലതാമസം

ചോദ്യം — ശ്രീ. ടി.എ. അഹമ്മദ് കബീർ

ഉത്തരം — എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സ് മൂലം അപകടത്തിൽപ്പെടുകയും തുടർന്ന് മരണപ്പെട്ട് പോകുകയും ചെയ്തവർക്ക് എം.എ.സി.ടി കേസ്സുകളിൽ ഉത്തരവാകുന്ന നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ ; പ്രസ്തുത കാലതാമസം കാരണമായി അധിക തുക പലിശ ഇനത്തിൽ കൊടുക്കേണ്ടി വരുന്നത് കെ. എസ്.ആർ.ടി.സി. ക്ക് അധിക സാമ്പത്തിക ബാധ്യത വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | MACT നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. പ്രസ്തുത കാലതാമസം കാരണമായി അധികതുക പലിശയിനത്തിൽ കൊടുക്കേണ്ടിവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്, കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണമാണ് ഇപ്രകാരം അധിക ബാദ്ധ്യത വരുന്നത്. |
| (ബി) | എം.എ.സി.ടി. വിധിച്ച കേസുകളിൽ നഷ്ടപരിഹാരത്തുക അനുവദിക്കുവാൻ ഇനി എത്ര എണ്ണം ബാക്കിയുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ബി) | ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത കെ.എസ്. ആർ.ടി.സി. ബസ്സുകളുടെ അപകടവുമായി ബന്ധപ്പെട്ട് കേരളത്തിലുടനീളം, 28 എം. എ.സി.റ്റി. കോടതികളിലായി (ക്യാമ്പ് സിറ്റിംഗ് ഉൾപ്പടെ), 1975 കേസുകൾ വിധിയായിട്ടുള്ളതാണ്. ലിസ്റ്റ് അനുബന്ധമായി |

| | | | |
|---|---|---|---|
| | | | ചേർക്കുന്നു.<br>നിലവിൽ എക്സിക്യൂഷൻ (വിധി നടത്തിപ്പ്) ഫയൽ ചെയ്യുന്ന കേസുകളിലും കൂടാതെ അടിയന്തിര സാഹചര്യമുള്ള കേസുകളിലും മാത്രമേ കെ.എസ്.ആർ.ടി.സി. യുടെ ധനകാര്യവിഭാഗത്തിൽ നിന്നും വിധി തുക നൽകുവാൻ കഴിയുന്നുള്ളൂ. എങ്കിലും പരമാവധി കേസുകളിൽ വിധി തുക നൽകുവാൻ ശ്രമിച്ചുവരികയാണ്. ഇത്തരം കേസുകളിൽ നവംബർ 2017 വരെയുള്ള കണക്കനുസരിച്ച് പലിശ കൂടാതെ തന്നെ ഏകദേശം 65 കോടി രൂപ ബാധ്യതയായി നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| നിയമസഭ ചോദ്യം USQ 1512 വിധിച്ച കേസുകളിൽ തുക അനുവദിക്കേണ്ടത് | | |
|---|---|---|
| 1 | എറണാകുളം | 9 |
| 2 | നോർത്ത് പറവൂർ | 66 |
| 3 | നെയ്യാറ്റിൻകര | 320 |
| 4 | മാവേലിക്കര | 43 |
| 5 | കൊല്ലം | 331 |
| 6 | കൽപ്പറ്റ | 34 |
| 7 | പത്തനംതിട്ട | 69 |
| 8 | ആറ്റിങ്ങൽ | 38 |
| 9 | കണ്ണൂർ | 52 |
| 10 | തിരുവനന്തപുരം | 345 |
| 11 | പുനലൂർ | 61 |
| 12 | ആലപ്പുഴ | 23 |
| 13 | കോട്ടയം | 59 |
| 14 | പാല | 12 |
| 15 | മൂവാറ്റുപുഴ | 23 |
| 16 | തൊടുപുഴ | 7 |
| 17 | പെരുമ്പാവൂർ | 131 |
| 18 | തൃശ്ശൂർ | 33 |
| 19 | ഇരിഞ്ഞാലക്കട, ചാലക്കുടി (C.S) | 15 |
| 20 | പാലക്കാട് | 63 |
| 21 | ഒറ്റപ്പാലം | 21 |
| 22 | മഞ്ചേരി | 70 |
| 23 | തിരൂർ | 41 |
| 24 | വടകര | 22 |
| 25 | കോഴിക്കോട് | 79 |
| 26 | കാസർഗോഡ് | 7 |
| 27 | അന്തർ സംസ്ഥാന കേസുകളുടെ എണ്ണം | 1 |
| | ആകെ | 1975 |

സെക്ഷൻ ഓഫീസർ